പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 690 | 1.11.2011 ൽ മറുപടിയ്ക്ക്

## ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ നിലവിലുള്ള പ്രവർത്തനങ്ങളും ഭരണ നിയന്ത്രണവും ഏത് തരത്തിലാണെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്ത് ഉദ്പാദിപ്പിക്കപ്പെടുന്ന ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ സർക്കാർ തലത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ആയുർവ്വേദത്തിനായി ഒരു പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിൽ ഒരു ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ ലൈസൻസിംഗ് അതോറിറ്റിയായും ഒരു സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ ഉൾപ്പെടെ നാല് ഡ്രഗ്സ് ഇൻസ്പെക്ടർമാരും സേവനം അനുഷ്ഠിക്കുന്നു. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഒരു പ്രൊഫസറാണ് നിലവിൽ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളുടെ ചുമതല വഹിക്കുന്നത്<br>മരുന്നുകൾക്ക് ലൈസൻസ് നൽകുന്നതിനു മുമ്പ് ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഉല്പാദന കേന്ദ്രം പരിശോധിച്ച് ലൈസൻസിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നു. അപേക്ഷകർ സമർപ്പിക്കുന്ന ഉല്പന്നങ്ങളുടെ ഫോർമുല ഒരു എക്സ്പേർട്ട് കമ്മിറ്റി വിലയിരുത്തി, ലൈസൻസിംഗ് അതോറിറ്റി അംഗീകരിച്ചശേഷം ലൈസൻസ് അനുവദിക്കുന്നു. ലൈസൻസ് നൽകിയ ശേഷവും കാലാകാലങ്ങളിൽ ഉത്പ്പാദന യൂണിറ്റുകളിൽ നിന്നും, മാർക്കറ്റിൽ നിന്നും മരുന്നുകളുടെ സാമ്പിൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) ആയുർവേദ മരുന്നുകളുടെ ഉല്പാദനവും വിപണനവും ഏറ്റവുമധികം നടക്കുന്ന സംസ്ഥാനത്ത് ശക്തമായ നിലയിലുള്ള അധികാരങ്ങളോടുകൂടി പ്രവർത്തിക്കുന്ന ആയുർവേദ ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ, എങ്കിൽ വ്യക്തമാക്കാമോ ? | (ബി) ആയുർവ്വേദ മരുന്നുകളുടെ ഉല്പാദനവും വിപണനവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ആയുർവ്വേദത്തിനായി ഒരു പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നതിനാൽ പ്രത്യേക ആയുർവേദ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ